"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-11-02-2022-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - പറക്കോട് ബ്ലോക്ക് പഞ്ചായത്ത്- ക്ഷീര കർഷകർക്ക് ചാണക സംസ്കരണ യൂണിറ്റ് എന്ന പദ്ധതി നടപ്പാക്കാൻ അനുമതി നൽകി ഉത്തരവാകുന്നു..

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.251/2022/LSGD തീയതി,തിരുവനന്തപുരം, 05-02-2022

---

പരാമർശം:- 1. പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.12.2021 ലെ കത്ത്

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതിയുടെ 11.01.2022-ലെ തീരുമാനം നം.4.64

**ഉത്തരവ്**

പറക്കോട് ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ചിട്ടുള്ള 'ക്ഷീര കർഷകർക്ക് ചാണക സംസ്കരണ യൂണിറ്റ്" എന്ന പദ്ധതിയിൽ 50% സബ്സിഡിയോടെ പരമാവധി 10,000/- രൂപ ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നു. യൂണിറ്റ് സ്ഥാപിക്കാനായി പത്തനംതിട്ട ജില്ലാ കാർഷിക വിപണന സഹകരണ സംഘത്തെ ടെണ്ടർ കൂടാതെ ഏൽപ്പിക്കാൻ അനുമതി നൽകണമെന്ന പരാമർശം (1) പ്രകാരമുള്ള അപേക്ഷ കോർഡിനേഷൻ സമിതി പരിശോധിക്കുകയും പരാമർശം (2) പ്രകാരം തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പറക്കോട് ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ചിട്ടുള്ള 'ക്ഷീര കർഷകർക്ക് ചാണക സംസ്കരണ യൂണിറ്റ്" എന്ന പദ്ധതി; കർഷകർ സ്വന്തമായി സംസ്കരണ യൂണിറ്റ് സ്ഥാപിച്ചിട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ അനുവദനീയ ധനസഹായം നൽകുന്ന രീതിയിൽ നടപ്പാക്കാൻ അനുമതി നൽകി ഉത്തരവാകുന്നു. ഏജൻസി മുഖേനയാണ് നടത്തുന്നതെങ്കിൽ ഏജൻസിയെ ഇ-ടെണ്ടറിലൂടെ കണ്ടെത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പ്രസിഡണ്ട്/സെക്രട്ടറി, പറക്കോട് ബ്ലോക്ക് പഞ്ചായത്ത്, പത്തനംതിട്ട

ജില്ലാ പ്ലാനിംഗ് ഓഫീസർ, പത്തനംതിട്ട

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ. അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ) വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by Nisam N
Date: 09-02-2022 13:56:51
സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു.തദ്ദേശ സ്വയംഭരണം, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്